## മധുരമായ കുട്ടികളേ - മുഖ്യമായ രണ്ട് കാര്യങ്ങൾ എല്ലാവർക്കും മനസ്സിലാക്കിക്കൊടുക്കണം -ഒന്ന് ബാബയെ ഓർമ്മിക്കൂ, രണ്ട് 84 ജന്മത്തിന്റെ ചക്രത്തെ അറിയൂ എങ്കിൽ എല്ലാ പ്രശ്നങ്ങളും സമാപ്തമാകും

**ചോദ്യം:-** ശ്രീകൃഷ്ണന്റെ മഹിമ പാടുമ്പോൾ ഉപയോഗിക്കാത്ത ഏതെല്ലാം വാക്കുകളാണ് ബാബയുടെ മഹിമ പാടുമ്പോൾ വരുന്നത്?
**ഉത്തരം:-** വൃക്ഷപതി ഒരു ബാബയാണ്, ശ്രീകൃഷ്ണനെ വൃക്ഷപതിയെന്ന് പറയാൻ സാധിക്കില്ല. പിതാക്കന്മാരുടേയും പിതാവെന്നും പതിമാരുടേയും പതിയെന്നും ഒരു നിരാകാരനെയാണ് പറയുന്നത്, ശ്രീകൃഷ്ണനെയല്ല. രണ്ടുപേരുടേയും മഹിമ വേർതിരിച്ച് സ്പഷ്ടമാക്കൂ.

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഗ്രാമ ഗ്രാമങ്ങളിൽ ഏത് പെരുമ്പറ മുഴക്കണം?
**ഉത്തരം:-** ഗ്രാമഗ്രാമങ്ങളിൽ ഈ പെരുമ്പറ മുഴക്കൂ-മനുഷ്യനിൽ നിന്നും ദേവതയായും, നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയായും മാറേണ്ടതെങ്ങിനെയെന്ന് വന്ന് മനസ്സിലാക്കൂ. സ്ഥാപനയും വിനാശവും എങ്ങനെയുണ്ടാകുന്നു എന്ന് വന്ന് മനസ്സിലാക്കൂ.

**ഗീതം:- നീ തന്നെയാണ് മാതാവും, പിതാവും...**

**ഓം ശാന്തി**. ഈ ഗീതത്തിന്റെ അവസാനമുള്ള വരിയുണ്ടല്ലോ - നീ തന്നെ തോണിയും, നീ തന്നെ തോണിക്കാരനും... ഇത് തെറ്റാണ്. ഇത് അങ്ങു തന്നെ പൂജ്യനും അങ്ങുതന്നെ പൂജാരിയുമെന്ന് പറയുന്നത് പോലെയായി. ജ്ഞാനത്തിന്റെ തിളക്കമുള്ളവർ ഉടനെ ഈ പാട്ട് നിർത്തും. കാരണം ബാബയെ നിന്ദിക്കുന്നതുപോലെയായില്ലേ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിരിക്കുകയാണ്, മറ്റുള്ള മനുഷ്യർക്ക് ഈ ജ്ഞാനമില്ല. നിങ്ങൾക്കും ഇപ്പോഴാണ് ലഭിക്കുന്നത്. പിന്നീടൊരിക്കലും ഉണ്ടാകുന്നില്ല. പുരുഷോത്തമനായി മാറാൻ ഗീതയുടെ ഭഗവാന്റെ ജ്ഞാനം ലഭിക്കുന്നുണ്ട്, ഇത്രയും മനസ്സിലാക്കുന്നുണ്ട്. എന്നാൽ എപ്പോഴാണ് ലഭിക്കുന്നത്, എങ്ങിനെയാണ് ലഭിക്കുന്നത്, ഇത് മറന്നു. ഗീതയാണ് ധർമ്മസ്ഥാപനയുടെ ശാസ്ത്രം, മറ്റൊരു ശാസ്ത്രവും ധർമ്മസ്ഥാപനക്കായി ഉണ്ടാകുന്നില്ല. ശാസ്ത്രം എന്ന അക്ഷരം പോലും ഭാരതത്തിലാണ് ഉപയോഗിക്കുന്നത്. സർവ്വശാസ്ത്രങ്ങളുടേയും ശിരോമണി ഗീതയാണ്. ബാക്കിയെല്ലാ ധർമ്മങ്ങളും പിറകെ വരുന്നതാണ്. അവയെ ശിരോമണിയെന്ന് പറയില്ല. കുട്ടികൾക്കറിയാം വൃക്ഷപതി ഒരു ബാബയാണ്. ബാബ നമുക്ക് പിതാവാണ്, പതി കൂടിയാണ്. ബാബയെ പതിമാരുടേയും പതിയെന്നും പിതാക്കന്മാരുടേയും പിതാവെന്നും പറയുന്നു. ഈ മഹിമ ഒരു നിരാകാരനുവേണ്ടി മാത്രമാണ് പാടപ്പെടുന്നത്. കൃഷ്ണന്റേയും നിരാകാരനായ ബാബയുടെ മഹിമയും താരതമ്യം ചെയ്യണം. ശ്രീകൃഷ്ണൻ പുതിയ ലോകത്തിന്റെ രാജകുമാരനാണ്. ശ്രീകൃഷ്ണൻ പഴയ ലോകത്തിൽ സംഗമയുഗത്തിൽ രാജയോഗം എങ്ങനെ പഠിപ്പിക്കും! ഇപ്പോൾ നിങ്ങൾ കുട്ടികൾ മനസ്സിലാക്കി, നമ്മളെ ഭഗവാൻ പഠിപ്പിച്ചു കൊണ്ടിരിക്കുകയാണ്. നിങ്ങൾ പഠിച്ച് ദേവീദേവതകളായി മാറണം. പിന്നീട് ഈ ജ്ഞാനം ഉണ്ടാകില്ല. പ്രായേണ ലോപിച്ചുപോകും. ബാക്കി ആട്ടയിൽ ഉപ്പ് പോലെ ചില ചിത്രങ്ങൾ മാത്രം അവശേഷിക്കും. വാസ്തവത്തിൽ ഒരാളുടെയും ചിത്രങ്ങൾ യഥാർത്ഥമല്ല. ആദ്യമാദ്യം ബാബയുടെ പരിചയം ലഭിക്കണം. നിങ്ങൾ പറയും ഭഗവാനാണ് മനസ്സിലാക്കിത്തരുന്നത്. ഭഗവാൻ സ്വതവേ തന്നെ എല്ലാം പറഞ്ഞുതരും. നിങ്ങൾ എന്തു ചോദിക്കാനാണ്? ആദ്യം ബാബയെ തിരിച്ചറിയൂ.

ബാബ ആത്മാക്കളോട് പറയുകയാണ് - എന്നെ ഓർമ്മിക്കൂ. രണ്ട് കാര്യങ്ങൾ ഓർമ്മിക്കണം അത്രമാത്രം. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ ഒപ്പം 84 ജന്മത്തിന്റെ ചക്രത്തേയും ഓർമ്മിക്കൂ, മതി. ഈ രണ്ട് മുഖ്യമായ കാര്യങ്ങളാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്. ബാബ പറയുന്നു നിങ്ങൾ തന്റെ തന്നെ ജന്മങ്ങളക്കുറിച്ച് അറിഞ്ഞിരുന്നില്ല. ബ്രാഹ്മണകുട്ടികളോടാണ് പറയുന്നത്. മറ്റാർക്കും ഇത് മനസ്സിലാക്കാൻ സാധിക്കില്ല. പ്രദർശിനിയിലെല്ലാം നോക്കൂ എത്ര തിരക്കാണ്. അവർ കരുതുന്നു- കുറേ മനുഷ്യർ പോകുന്നുണ്ട് അതുകൊണ്ട് എന്തോ കാണാനുള്ള കാര്യങ്ങളുണ്ട്. തിരക്കി കയറി വരും. ഓരോരുത്തർക്കും മനസ്സിലാക്കിക്കൊടുക്കുമ്പോൾ ക്ഷീണിക്കും. അപ്പോൾ എന്തു ചെയ്യണം? പ്രദർശിനി കുറേ ദിവസം നീണ്ടുനിൽക്കുന്നതാണെങ്കിൽ അവരോട് പറയണം ഇന്ന് തിരക്കാണ്. നാളെയോ മറ്റന്നാളോ വരൂ. അതും ആർക്ക് പഠിക്കാൻ ആഗ്രഹമുണ്ടോ അഥവാ മനുഷ്യനിൽനിന്ന് ദേവതയായി മാറാൻ ആഗ്രഹമുണ്ടോ അവർക്കാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്. ഒരേയൊരു ലക്ഷ്മീനാരായണന്റെ ചിത്രം അഥവാ ബാഡ്ജ്

കാണിച്ചുകൊടുക്കണം. ബാബയിലൂടെ വിഷ്ണുപുരിയുടെ അധികാരിയായി മാറാൻ സാധിക്കും, ഇപ്പോൾ തിരക്കാണല്ലോ, സെന്ററിലേക്ക് വരൂ. അഡ്രസ്സ് എഴുതിയിട്ടുണ്ട്. ബാക്കി – ഇത് സ്വർഗ്ഗമാണ്, ഇത് നരകമാണ്, കേവലം ഇങ്ങനെ പറയുന്നതിലൂടെ മനുഷ്യൻ എന്ത് മനസ്സിലാക്കും? സമയം വേസ്റ്റാകുന്നു. വലിയ വരാണോ, ധനികനാണോ ദരിദ്രനാണോ എന്നൊന്നും തിരിച്ചറിയാനേ സാധിക്കില്ല. ഇക്കാലത്തുള്ളവരെ ധരിച്ചിരിക്കുന്ന വസ്ത്രംകൊണ്ടൊന്നും തിരിച്ചറിയാൻ സാധിക്കില്ല. ആദ്യമാദ്യം ബാബയുടെ പരിചയം കൊടുക്കണം. ബാബ സ്വർഗ്ഗത്തെ സ്ഥാപിക്കുന്ന ആളാണ്. ഇപ്പോൾ ഇതുപോലെ ആയിത്തീരണം. ലക്ഷ്യം മുന്നിലുണ്ട്. ബാബ പറയുന്നു ഉയർന്നതിലും ഉയർന്നത് ഞാനാണ്. എന്നെ ഓർമ്മിക്കൂ, ഇത് വശീകരണമന്ത്രമാണ്. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും. വിഷ്ണുപുരിയിലേക്ക് വരും – ഇത്രയെങ്കിലും മനസ്സിലാക്കിക്കൊടുക്കണം. എട്ടും പത്തും ദിവസമെങ്കിലും പ്രദർശിനി വെക്കണം. നിങ്ങൾ ഗ്രാമഗ്രാമങ്ങളിൽ പെരുമ്പറ മുഴക്കണം. മനുഷ്യനിൽനിന്നും ദേവതയും, നരകവാസിയിൽ നിന്നും സ്വർഗ്ഗവാസിയുമായി മാറാൻ എങ്ങിനെ സാധിക്കും, വന്ന് മനസ്സിലാക്കൂ, സ്ഥാപനയും വിനാശവും എങ്ങിനെയാണുണ്ടാകുന്നതെന്ന് വന്ന് മനസ്സിലാക്കൂ. യുക്തികൾ വളരെയധികമുണ്ട്.

നിങ്ങൾ കുട്ടികൾക്കറിയാം സത്യയുഗവും കലിയുഗവും തമ്മിൽ രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമാണ്. ബ്രഹ്മാവിന്റെ പകലും ബ്രഹ്മാവിന്റെ രാത്രിയുമെന്ന് പറയാറുണ്ട്. ബ്രഹ്മാവിന്റെ പകലെന്നാൽ വിഷ്ണുവിന്റേയും, വിഷ്ണുവിന്റെയെന്നാൽ ബ്രഹ്മാവിന്റേയും. കാര്യം ഒന്നുതന്നെയാണ്. ബ്രഹ്മാവിനും 84 ജന്മം, വിഷ്ണുവിനും 84 ജന്മം. കേവലം ഈ അധിക ജന്മത്തിന്റെ വ്യത്യാസമുണ്ടാകും. ഈ കാര്യം ബുദ്ധിയിലിരുത്തണം. ധാരണയില്ലെങ്കിൽ ആർക്കും മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കില്ല. ഇത് മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. കേവലം ലക്ഷ്മീനാരായണന്റെ ചിത്രത്തിനു മുന്നിൽ പോയി ഈ പോയിന്റുകൾ കേൾപ്പിക്കൂ. ബാബയിലൂടെ ഈ പദവി നേടണം, നരകത്തിന്റെ വിനാശം തൊട്ടുമുന്നിലുണ്ട്. ലോകത്തിലുള്ളവർ തന്റേതായ മനോഗതമാണ് കേൾപ്പിക്കുന്നത്. ഇവിടെയുള്ളത് ഈശ്വരീയ മതമാണ്, ഇത് നമ്മൾ ആത്മാക്കൾക്ക് ഈശ്വരനിലൂടെ ലഭിച്ചതാണ്. നിരാകാരനായ ആത്മാക്കൾക്ക് നിരാകാരനായ പരമാത്മാവിന്റെ മതമാണ് ലഭിക്കുന്നത്. ബാക്കിയെല്ലാം മാനവമതമാണ്. രാത്രിയും പകലും തമ്മിലുള്ള വ്യത്യാസമല്ലേ. സന്യാസിമാർക്കും മുനിമാർക്കുമൊന്നും ഈ ജ്ഞാനം തരാൻ സാധിക്കില്ല. ഈശ്വരീയമതം ഒരു പ്രാവശ്യമാണ് ലഭിക്കുന്നത്. എപ്പോഴാണോ ഈശ്വരൻ വരുന്നത് അപ്പോഴാണ് ആ മതത്തിലൂടെ നമ്മൾ ദേവതയായി മാറുന്നത്. ബാബ വരുന്നത് ദേവീദേവതാധർമ്മത്തിന്റെ സ്ഥാപന ചെയ്യാനാണ്. ഈ പോയിന്റുകൾ ധാരണ ചെയ്യണം, ഇത് സമയത്ത് ഉപയോഗപ്പെടും. മുഖ്യമായ കാര്യങ്ങൾ കുറച്ച് മനസ്സിലാക്കിക്കൊടുത്താലും ധാരാളമാണ്. ഒരു ലക്ഷ്മീനാരായണന്റെ ചിത്രം മനസ്സിലാക്കിക്കൊടുക്കുന്നതുതന്നെ ധാരാളമാണ്. ഇത് ലക്ഷ്യത്തിന്റെ ചിത്രമാണ്, ഭഗവാനാണ് ഈ പുതിയ ലോകം രചിക്കുന്നത്. ഭഗവാനാണ് പുരുഷോത്തമസംഗമയുഗത്തിൽ ഇവരെ പഠിപ്പിക്കുന്നത്. ഈ പുരുഷോത്തമയുഗം ആരും അറിയുന്നില്ല. കുട്ടികൾ ഈ കാര്യം കേട്ട് എത്ര സന്തോഷിക്കണം. കേട്ടതിനു ശേഷം കേൾപ്പിക്കുമ്പോൾ വളരെ സന്തോഷമുണ്ടാകും. സേവനം ചെയ്യുന്നവരെയാണ് ബ്രാഹ്മണരെന്ന് പറയുന്നത്. നിങ്ങളുടെ കക്ഷത്തിൽ സത്യമായ ഗീതയാണ്. ബ്രാഹ്മണരിലും സംഖ്യാക്രമമുണ്ടാകുമല്ലോ. ചില ബ്രാഹ്മണർ വളരെ പ്രശസ്തരായിരിക്കും, വളരെ സമ്പാദിക്കും. ചിലർക്ക് കഴിക്കാൻ പോലും പ്രയാസപ്പെട്ടാണ് ലഭിക്കുന്നത്. ചില ബ്രാഹ്മണർ ലക്ഷാധിപതികളായിരിക്കും. വളരെ സന്തോഷത്തോടെ, ലഹരിയോടെ പറയും ഞങ്ങൾ ബ്രാഹ്മണകുലത്തിലുള്ളവരാണ്. സത്യം സത്യമായ ബ്രാഹ്മണകുലത്തെ ക്കുറിച്ച് അറിയുന്നതു പോലുമില്ല. ബ്രാഹ്മണരെ ഉത്തമരെന്നാണ് പറയുന്നത്, അതുകൊണ്ടാണ് ബ്രാഹ്മണർക്ക് ഭോജനം നൽകുന്നത്. ദേവത, ക്ഷത്രിയ, വൈശ്യ, ശൂദ്ര ധർമ്മത്തിലുള്ളരെ ഒരിക്കലും കഴിപ്പിക്കാറില്ല. ബ്രാഹ്മണരെ മാത്രമാണ് കഴിപ്പിക്കുന്നത്. അതുകൊണ്ടാണ് ബാബ പറയുന്നത് – നിങ്ങൾ ബ്രാഹ്മണർക്ക് നല്ല രീതിയിൽ മനസ്സിലാക്കിക്കൊടുക്കൂ. ബ്രാഹ്മണരുടേയും സംഘടനകളെല്ലാം ഉണ്ടാകും, അത് അന്വേഷിച്ച് അവരുടേയടുക്കലേക്ക് പോകണം. ബ്രാഹ്മണർ പ്രജാപിതാബ്രഹ്മാവിന്റെ സന്താനങ്ങളായിരിക്കണം, ഞങ്ങൾ ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. ബ്രഹ്മാവ് ആരുടെ കുട്ടിയാണ്, അതും മനസ്സിലാക്കിക്കൊടുക്കണം. എവിടെ എവിടെയൊക്കെയാണ് ബ്രാഹ്മണരുടെ സംഘടനകളുള്ളത് അത് മനസ്സിലാക്കണം. നിങ്ങൾക്ക് വളരെയധികം പേരുടെ നന്മ ചെയ്യാൻ സാധിക്കും. വൃദ്ധരായ സ്ത്രീകൾക്കുള്ള സംഘടനകളെല്ലാം ഉണ്ടാകും. എവിടെയെവിടെയെല്ലാം പോയി എന്ന വാർത്തയൊന്നും ബാബയ്ക്ക് ആരും കൊടുക്കുന്നില്ല. കാട് നിറഞ്ഞിരിക്കുകയാണ്, എവിടെ പോയാലും വേട്ടയാടാം. പ്രജകളെ തയ്യാറാക്കാം, രാജാക്കന്മാരെയും തയ്യാറാക്കാൻ കഴിയും. സേവനം ധാരാളമുണ്ട്. വൈകുന്നേരത്ത് അഞ്ച് മണിക്ക് ജോലിയിൽ നിന്ന് ഒഴിവ് ലഭിക്കുമ്പോൾ ലിസ്റ്റിൽ നോട്ട് ചെയ്യണം – ഇന്ന് ഇന്ന ഇന്ന സ്ഥലങ്ങളിലെല്ലാം പോകണം. ബാബ യുക്തികൾ വളരെയധികം പറഞ്ഞുതരുന്നുണ്ട്. ബാബ കുട്ടികളോട് മാത്രമാണ് സംസാരിക്കുന്നത്. ഞാൻ ആത്മാവാണ് എന്ന കാര്യത്തിൽ ഉറച്ച നിശ്ചയമുണ്ടായിരിക്കണം. ബാബ

നമുക്കുവേണ്ടി കേൾപ്പിക്കുകയാണ്, നമുക്ക് ധാരണ ചെയ്യണം. എങ്ങനെയാണോ ശാസ്ത്രങ്ങൾ അദ്ധ്യയനം ചെയ്യുമ്പോൾ അതിന്റെ സംസ്കാരം കൊണ്ട് പോയി അടുത്ത ജന്മത്തിൽ ആ സംസ്കാരം പുറത്തു വരുന്നത്. സംസ്കാരവും കൊണ്ടു വന്നു എന്നു പറയാറുണ്ടല്ലോ. വളരെ ശാസ്ത്രങ്ങൾ പഠിക്കുന്നവരെ അതോറിട്ടി, അധികാരികളെന്ന് പറയും. അവർ സ്വയം സർവ്വശക്തിവാനെന്ന് കരുതുന്നില്ല. ഇതൊരു കളിയാണ്, ഇത് ബാബതന്നെയാണ് മനസ്സിലാക്കിത്തരുന്നത്, ഇത് പുതിയ കാര്യമല്ല. ഡ്രാമ ഉണ്ടാക്കപ്പെട്ടതാണ്, ഇത് മനസ്സിലാക്കാനുള്ളതാണ്. മനുഷ്യർ ഇത് പഴയ ലോകമാണെന്ന് മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു ഞാൻ വന്നുകഴിഞ്ഞു. മഹാഭാരതയുദ്ധം മുന്നിൽത്തന്നെയുണ്ട്. മനുഷ്യർ അജ്ഞാനത്തിന്റെ ഇരുട്ടിൽ ഉറങ്ങിക്കഴിയുകയാണ്. അജ്ഞാനമെന്ന് പറയുന്നത് ഭക്തിയെയാണ്. ജ്ഞാനത്തിന്റെ സാഗരം ബാബയാണ്. ആരാണോ വളരെ ഭക്തി ചെയ്യുന്നത്, അവർ ഭക്തിയുടെ സാഗരമാണ്. ഭക്തരുടേയും മാലയുണ്ടല്ലോ. ഭക്തമാലയിലുള്ളവരുടെ പേരും ശേഖരിക്കണം. ഭക്തരുടെ മാല ദ്വാപരയുഗം മുതൽ കലിയുഗം വരെ മാത്രമേ ഉണ്ടാകൂ. കുട്ടികൾക്ക് വളരെ സന്തോഷമുണ്ടായിരിക്കണം. ആരാണോ മുഴുവൻ ദിവസവും സേവനം ചെയ്തുകൊണ്ടിരിക്കുന്നത് അവർക്കാണ് വളരെ സന്തോഷമുണ്ടായിരിക്കുക.
ബാബ മനസ്സിലാക്കിത്തരികയാണ് മാലയ്ക്ക് വളരെ നീളമുണ്ട്, ആയിരക്കണക്കിനുണ്ട്. ആരെയെല്ലാം എവിടെനിന്നെല്ലാം ആകർഷിച്ചുകൊണ്ടുവരുന്നു. ഇത്ര വലിയ മാല തയ്യാറാവണമെങ്കിൽ എന്തെങ്കിലും കാര്യമുണ്ടാകുമല്ലോ. ചിലർ രാമരാമ എന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു, അവരോട് ചോദിക്കണം – ആരെയാണ് രാമ രാമ എന്ന് പറഞ്ഞ് ഓർമ്മിക്കുന്നത്? നിങ്ങൾക്ക് ഏത് സത്സംഗത്തിലും പോയി അവരുടെ കൂടെയിരിക്കാം. ഹനുമാന്റെ ഉദാഹരണമുണ്ടല്ലോ, എവിടെ സത്സംഗമുണ്ടെങ്കിലും അവിടെ പോയി ചെരിപ്പിനുമുകളിൽ ഇരിക്കുമായിരുന്നു. നിങ്ങളും ചാൻസ് എടുക്കണം. നിങ്ങൾക്ക് വളരെ സേവനം ചെയ്യാൻ സാധിക്കും. ജ്ഞാനത്തിന്റെ പോയിന്റുകൾ ബുദ്ധിയിലുണ്ടാകുമ്പോളാണ്, ജ്ഞാനത്തിന്റെ ലഹരിയുണ്ടാകുമ്പോളാണ് സേവനത്തിൽ സഫലത ഉണ്ടാകുന്നത്. സേവനത്തിന് അനേക യുക്തികളുണ്ട്, രാമായണം, ഭാഗവതം, ഇവയിലെല്ലാം വളരെയധികം കാര്യങ്ങളുണ്ട്, അതിലെല്ലാം നിങ്ങളുടെ ഒരു ദൃഷ്ടിയുണ്ടായിരിക്കണം. എന്നാൽ അന്ധവിശ്വാസം പോലെ സത്സംഗത്തിൽ പോയി ഇരുന്നിട്ട് കാര്യമില്ല. പറയൂ, ഞങ്ങൾക്ക് താങ്കളുടെ മംഗളം ചെയ്യാൻ ആഗ്രഹമുണ്ട്. ഭക്തി വേറെയാണ്, ഈ ജ്ഞാനം വേറെയാണ്. ജ്ഞാനം ഒരു ജ്ഞാനേശ്വരനായ ബാബ മാത്രമേ നൽകൂ. സേവനം ധാരാളമുണ്ട്, കേവലം ഇത് പറയൂ ഉയർന്നതിലും ഉയർന്നത് ആരാണ്? ഉയർന്നതിലും ഉയർന്നത് ഒരേയൊരു ഭഗവാനാണ്. സമ്പത്തും ഭഗവാനിൽനിന്നാണ് ലഭിക്കുന്നത്. ബാക്കിയെല്ലാവരും രചനകളാണ്. കുട്ടികൾക്ക് സേവനത്തിനോട് താത്പര്യമുണ്ടായിരിക്കണം. നിങ്ങൾക്ക് രാജ്യം ഭരിക്കണമെങ്കിൽ പ്രജകളേയും തയ്യാറാക്കണം. ഈ മഹാ മന്ത്രം നിസ്സാരമല്ല, – ബാബയെ ഓർമ്മിക്കൂ എങ്കിൽ അന്തിമസമയത്തെ മനസ്സ് പോലെ ഗതി പ്രാപിക്കും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചുകിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:–**

1) ബാബ എന്ത് വശീകരണമന്ത്രമാണോ തന്നിരിക്കുന്നത്, അത് എല്ലാവരേയും ഓർമ്മിപ്പിക്കണം. സേവനത്തിന്റെ വ്യത്യസ്തമായ യുക്തികൾ രചിക്കണം. ആൾത്തിരക്കിൽ തന്റെ സമയത്തെ വേസ്റ്റാക്കരുത്.

2) ജ്ഞാനത്തിന്റെ പോയിന്റുകൾ ബുദ്ധിയിൽ വച്ച് ജ്ഞാനത്തിന്റെ ലഹരിയിലിരിക്കണം. ഹനുമാനെപ്പോലെ സത്സംഗങ്ങളിൽ പോയിരിക്കണം, അവരുടെ സേവനം ചെയ്യണം. സന്തോഷമായിരിക്കുന്നതിനുവേണ്ടി മുഴുവൻ ദിവസവും സേവനം ചെയ്യണം.

**വരദാനം:– "ഞാൻ, എന്റെ" എന്നതിനെ ബലിയർപ്പിക്കുന്ന സമ്പൂർണ്ണ മഹാബലിയായി ഭവിക്കട്ടെ.**

പരിധിയുള്ള ഏതെങ്കിലും വ്യക്തി അഥവാ വൈഭവങ്ങളിൽ മമത്വം– ഇത് തന്നെയാണ് എന്റേതെന്ന ഭാവം. ഈ എന്റേതിനെയും, ഞാൻ ചെയ്യുന്നു, ഞാനാണ് ചെയ്തത്..... ഈ എന്റേതെന്ന ഭാവത്തെ സമ്പൂർണ്ണ സമർപ്പണം ചെയ്യുന്നവർ അതായത് ബലിയർപ്പണം ചെയ്യുന്നവർ തന്നെയാണ് മഹാബലി. എപ്പോൾ പരിധിയുള്ള ഞാൻ, എന്റെ എന്ന ഭാവം സമർപ്പണമാകുന്നുവോ അപ്പോൾ സമ്പൂർണ്ണം അഥവാ

ബാബക്കുസമാനമാകും. ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു, ഇങ്ങനെയാകരുത്. ബാബ ചെയ്യിപ്പിച്ചുകൊണ്ടിരിക്കുന്നു, ബാബ നടത്തിക്കൊണ്ടിരിക്കുന്നു. ഏത് കാര്യമാണെങ്കിലും ഞാൻ എന്നതിന് പകരം സദാ സ്വാഭാവിക ഭാഷയിലാണെങ്കിൽ പോലും ബാബ എന്ന വാക്കേ വരാവൂ, ഞാൻ എന്ന വാക്കല്ല.

## സ്ലോഗൻ:- സങ്കൽപങ്ങളിൽ അങ്ങനെയുള്ള ദൃഢത ധാരണ ചെയ്യൂ, അതിലൂടെ ചിന്തിക്കലും ചെയ്യലും സമാനമാകട്ടെ.

**ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

സമയാനുസരണം ഇപ്പോൾ മനസ്സ് കൊണ്ടും വാക്ക് കൊണ്ടും ഒരുമിച്ച് സേവനം ചെയ്യൂ. വാചാ സേവനം സഹജമാണ്, എന്നാൽ മനസാ സേവനത്തിൽ അറ്റൻഷൻ കൊടുക്കുന്നതിന്റെ കാര്യമാണ്, അതിനാൽ സർവ്വ ആത്മാക്കളെയും പ്രതി മനസാ ശുഭഭാവന, ശുഭകാമനയുടെ സങ്കൽപമായിരിക്കണം. വാക്കുകളിൽ മധുരത, സന്തുഷ്ടത, സരളതയുടെ നവീനത ഉണ്ട് എങ്കിൽ സഹജമായി സഫലത കിട്ടിക്കൊണ്ടിരിക്കും.